കുട്ടികളെയും ഇനിയും കണ്ടെത്താനുണ്ട്. ഈ സർക്കാരിന്റെ കാലത്ത് സ്ത്രീകൾക്കെതിരെ 23340-ഉം കുട്ടികൾക്കെതിരെ 4865-ഉം ലൈംഗികാതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

സമുദ്രാതിർത്തി ലംഘിച്ച ഇറാൻ കപ്പൽ

239 (3751) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജൂലൈ 5-ന് സമുദ്രാതിർത്തി ലംഘിച്ച ഇറാൻ കപ്പൽ പിടിച്ചെടുത്ത സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് മുൻപ് കേരളാ പോലീസ് എൻ.ഐ.എ.-യെ അറിയിച്ചിരുന്നോ;

(ബി) ഇല്ലെങ്കിൽ, രാജ്യസുരക്ഷയെ ബാധിക്കുന്ന സംഭവങ്ങളിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനു മുൻപ് എൻ.ഐ.എ.യെ അറിയിക്കണം എന്ന നടപടിക്രമം കേരളാ പോലീസ് പാലിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഇതു മൂലം എൻ.ഐ.എ.യ്ക്ക് പ്രതികളെ കസ്റ്റഡിയിൽ കിട്ടാൻ തടസ്സം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പോലീസിന്റെ ഭാഗത്ത് ഇക്കാര്യത്തിൽ അനാസ്ഥ ഉണ്ടായിട്ടുണ്ടെങ്കിൽ കാരണക്കാരായവരെ കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3-7-2015 തീയതിയിൽ ഇന്ത്യയുടെ സമുദ്രാതിർത്തിക്കുള്ളിൽ ആലപ്പുഴ ഭാഗത്ത് കാണപ്പെട്ട FV Barroki എന്ന ബോട്ടും അതിലുണ്ടായിരുന്ന 12 വിദേശീയരെയും ഇന്ത്യൻ കോസ്റ്റ് ഗാർഡ് തടഞ്ഞുവച്ച് തുടർനടപടികൾ സ്വീകരിച്ചശേഷം 5-7-2015-ന് വിഴിഞ്ഞം തീരത്ത് കൊണ്ടുവന്ന് റിപ്പോർട്ട് സഹിതം വിഴിഞ്ഞം പോലീസിന് കൈമാറി. വിഴിഞ്ഞം പോലീസിന് കൈമാറിയ സമയത്തുതന്നെ (5-7-2015-ൽ) എൻ.ഐ.എ. ഉൾപ്പെടെയുള്ള ദേശീയ സംസ്ഥാന ഏജൻസികൾ വന്നിരുന്നതും വിദേശീയരിൽനിന്നും വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതുമാണ്. കോസ്റ്റ് ഗാർഡ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിഴിഞ്ഞം പോലീസ് ക്രൈം 945/15 പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് കേസ് ഔദ്യോഗികമായി ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് കേരള സർക്കാർ 6-7-2015-ന് എൻ.ഐ.എ.-ക്ക് റിപ്പോർട്ട് നൽകുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപടിക്രമങ്ങൾ പാലിക്കുന്നതിൽ കേരള പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടില്ല.

(സി) ഇല്ല. ഈ കേസും കേസിലെ പ്രതികളും എൻ.ഐ.എ. കോടതിയുടെ അധീനതയിലാണുള്ളത്.

(ഡി) പോലീസിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ അനാസ്ഥയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഗ്രൂപ്പുപോരിന്റെ പേരിലുള്ള സംഘർഷങ്ങൾ

240 (3752) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ കോൺഗ്രസ്, യൂത്ത് കോൺഗ്രസ്, കെ.എസ്.യു. ഗ്രൂപ്പുവഴക്കിന്റെ പേരിൽ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഗ്രൂപ്പു വഴക്കിന്റെ പേരിലുള്ള സംഘർഷത്തിന്റെ ഭാഗമായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) യു.ഡി.എഫ്.-ലെ മറ്റ് ഘടക കക്ഷികളുടെ പ്രവർത്തകരും, കോൺഗ്രസ് പ്രവർത്തകരും തമ്മിലുണ്ടായ സംഘർഷത്തിന്റെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ കോൺഗ്രസ്, യൂത്ത് കോൺഗ്രസ്, കെ.എസ്.യു. ഗ്രൂപ്പുവഴക്കിന്റെ പേരിൽ കൊലപാതകങ്ങളൊന്നും നടന്നിട്ടില്ല.

(ബി) ഗ്രൂപ്പുവഴക്കിന്റെ പേരിലുള്ള സംഘർഷത്തിന്റെ ഭാഗമായി 52 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) യു.ഡി.എഫ്.-ലെ മറ്റ് ഘടക കക്ഷികളുടെ പ്രവർത്തകരും കോൺഗ്രസ് പ്രവർത്തകരും തമ്മിലുണ്ടായ സംഘർഷത്തിന്റെ പേരിൽ 27 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly